ശ്രീ. ടി. ശിവദാസമേനോൻ : അടിയന്തിര പ്രമേയത്തിൽ വാക്കൗട്ട് നടത്തി കഴിഞ്ഞ് പിന്നെ എന്താണ് ചർച്ച.

മി. സ്പീക്കർ : അതാണ്, ഇതിന്റെ ബുദ്ധിമുട്ട്,

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇത് കേരളത്തിന്റെ പ്രശ്നമാണ്. അതുകൊണ്ട് ഒരു യുനാനിമസ് പ്രമേയമുണ്ടാക്കാനായിട്ട്.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു, യോജിക്കാമെങ്കിൽ ഈ കാര്യം അദ്ദേഹം ചെയ്യാമെന്നാണ് പറഞ്ഞത്, അത് ആലോചിച്ച് അറിയിക്കുക.

IV ശ്രദ്ധക്ഷണിക്കൽ

(1) കാർഷികവായ്പകളിന്മേലുള്ള പലിശ എഴുതിത്തള്ളുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ കാർഷിക മേഖലയിലുള്ള കൃഷിക്കാർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് സഭയുടെ മുൻപിൽ പ്രശ്ന പരിഹാരത്തിനു വേണ്ടി ഞാൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ ഒരു മാസക്കാലമായി ഫെബ്രുവരി മാസം നാലു മുതൽ കേരളത്തിലെ കാർഷിക മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് അഖിലേന്ത്യാ കിസാൻസഭ കർഷകപ്രക്ഷോഭയാത്ര നടത്തി വരികയാണ്. നാളെ ആ പ്രക്ഷോഭയാത്ര നെടുമങ്ങാട് കൃഷിക്കാരുടെ വലിയ പ്രകടനത്തോടു കൂടി അവസാനിക്കും. ആ പ്രക്ഷോഭയാത്രയിൽ ഞങ്ങൾ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ആവശ്യമാണ് കൃഷിക്കാരുടെ വായ്പയിലെ പലിശയും പിഴപലിശയും എഴുതിത്തള്ളുക എന്നത്. ദേശസാൽകൃത ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങിയിട്ടുള്ള വായ്പകളിൽ വന്നുചേർന്നിട്ടുള്ള, പലിശ, പിഴപ്പലിശ എന്നിവ എഴുതിത്തള്ളുന്നതിനും അടച്ച സംഖ്യ മുതലിൽ വരവ് വയ്ക്കുന്നതിനും വേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. അതിനാവശ്യമായി വരുന്ന ബാധ്യത ഗവൺമെന്റിനു തന്നെ ഏറ്റെടുത്ത് ബഡ്ജറ്റിൽ ആ തുക വകയിരുത്തി ധനകാര്യ സ്ഥാപനങ്ങൾക്കും ബാങ്കുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും നൽകണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. കേരളത്തിലെ കൃഷിക്കാർ കാർഷികാവശ്യത്തിനുവേണ്ടി വായ്പയെടുക്കുന്നു. പച്ചക്കറികൃഷി ചെയ്യുന്നതിനും, മത്സ്യക്കൃഷി ചെയ്യുന്നതിനും വാഴകൃഷി ചെയ്യുന്നതിനും തെങ്ങ്, കമുക് മറ്റു പല കാർഷികവിളകൾ കൃഷി ചെയ്യുന്നതിനും വായ്പയെടുക്കുന്നു. വായ്പയെടുക്കുന്ന സംഖ്യ അവർക്ക് യഥാസമയം തിരിച്ചടയ്ക്കാൻ കഴിഞ്ഞിട്ടില്ല. കാരണം കാർഷികവിളകൾക്ക് തുടർച്ചയായിട്ടുണ്ടാകുന്ന രോഗബാധ, തെങ്ങിനാണെങ്കിൽ മണ്ഡരി രോഗബാധ, കൂമ്പുചീയൽ, വേരു ചീയൽ, അതുപോലെ കുരുമുളകിന് ഉണ്ടാകുന്ന രോഗബാധ, വാഴയ്ക്കും പച്ചക്കറികൾക്കും ഉണ്ടാകുന്ന രോഗബാധ, നിരന്തരമായുണ്ടാകുന്ന കാലവർഷക്കെടുതികൾ, ഉരുൾപ്പൊട്ടൽ. കാലവർഷക്കെടുതികൊണ്ടും രോഗബാധകൊണ്ടും കൃഷിക്കാർക്ക് ബാങ്കുകളിൽനിന്നും സഹകരണസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ സാധിച്ചിട്ടില്ല. വായ്പ അടച്ച കൃഷിക്കാർ തന്നെ വളരെ പ്രയാസങ്ങൾ അനുഭവിച്ചാണ് തിരിച്ചടച്ചിട്ടുള്ളത്. കൃഷിക്കാരെ സംബന്ധിച്ച് വായ്പ തിരിച്ചടച്ചില്ലെങ്കിൽ മാനഹാനിയുടെ പ്രശ്നമാണ്. അതുകൊണ്ട് വളരെ പ്രയാസപ്പെട്ട് ചില കർഷകർ

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചടയ്ക്കുന്നുണ്ട്. ജപ്തിനടപടികൾക്ക് വരുമ്പോൾ ആ ജപ്തിയിൽനിന്ന് ഒഴിവാകാൻ വേണ്ടി വളരെ പ്രയാസപ്പെട്ടാണ് വായ്പകൾ തിരിച്ചടയ്ക്കുന്നത്. ഇത് വലിയ ഒരു പ്രശ്നമായി കേരളത്തിൽ വന്നിരിക്കുകയാണ്. കേരളത്തിലെ ഗ്രാമീണ അന്തരീക്ഷത്തിൽ കൃഷിക്കാരുടെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നായ കടം വന്നുചേർന്നിട്ടുണ്ട്. അതുകൊണ്ട് ഞങ്ങൾ അഭ്യർത്ഥിക്കുന്നത് കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയെല്ലാപേർക്കും അറിയാവുന്നതാണ്. അത് പരിഗണിച്ചുകൊണ്ട് വായ്പയെഴുതി തള്ളണമെന്നു പറയുന്നില്ല. പലിശയും പിഴപ്പലിശയും എഴുതിത്തള്ളണമെന്നും അടച്ചപണം മുതലിൽ വരവ് വയ്ക്കണമെന്നും ആവശ്യപ്പെടുന്നു. നമ്മുടെ രാജ്യത്തിലെ മൊത്തം കൃഷിക്കാർ ഉന്നയിക്കുന്ന ഒരു മുദ്രാവാക്യം കാർഷികവായ്പ എഴുതിത്തള്ളണമെന്നതാണ്. കേരളത്തിലെ

11 AM.] പ്രത്യേക സാഹചര്യത്തിൽ അത്തരം ഒരു മുദ്രാവാക്യം കിസാൻസഭ ഉന്നയിക്കുന്നില്ല. ഉന്നയിക്കുന്നത് വായ്പയിലെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളണമെന്നത് മാത്രമാണ്. അങ്ങനെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളണമെങ്കിൽ അതിനാവശ്യമായ സംഖ്യ ഗവൺമെന്റ് കണ്ടെത്തണം. ഇരുന്നൂറു കോടിയോളം രൂപ ഈ ഇനത്തിൽ ഗവൺമെന്റിനു ബാദ്ധ്യത വരുമെന്നാണ് ഈ വിഷയത്തെപ്പറ്റി പഠിക്കാൻ ഞങ്ങൾ പരിശ്രമിച്ചപ്പോൾ മനസ്സിലായിട്ടുള്ളത്. ഗവൺമെന്റിന് ഇത്രയും സംഖ്യ കണ്ടെത്താൻ പ്രയാസമില്ല. കേന്ദ്രഗവൺമെന്റ് ശമ്പളപരിഷ്കരണം കൊണ്ടുവന്നു. ആ ശമ്പള പരിഷ്കരണം സംസ്ഥാനത്തും നടപ്പിലാക്കി ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ഇവിടെയും ശമ്പള പരിഷ്കരണം നടപ്പാക്കി. വളരെ സന്തോഷകരമായ കാര്യമാണ്. ഞങ്ങളതിനെ സ്വാഗതം ചെയ്തവരാണ്. അതിനുള്ള ബാദ്ധ്യത ആയിരത്തി ഒരുന്നൂറു കോടിയോളം രൂപ വളരെ പ്രയാസപ്പെട്ടാണെങ്കിലും സംസ്ഥാന ഗവൺമെന്റിനു കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. സർവ്വീസ് മേഖലയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി ഫണ്ട് കണ്ടെത്താൻ നമുക്ക് പ്രയാസമുണ്ടാകുന്നില്ല. അതേയവസരത്തിൽ കേരളത്തിലെ എല്ലാ സമ്പത്തും ഉല്പാദിപ്പിക്കുന്ന കർഷകരെ കടക്കെണിയിൽ നിന്നും സഹായിക്കാനായി അവർക്ക് ആശ്വാസം നൽകാൻ വേണ്ടി നടപടിയെടുക്കാൻ പ്രയാസം ഉണ്ടാകുന്നു. ഒരിക്കലും വായ്പ എഴുതിത്തള്ളണമെന്നു പറയുന്നില്ല. പലിശയും പിഴപ്പലിശയും എഴുതിത്തള്ളുക എന്ന ഒരാവശ്യം ഗവൺമെന്റ് അനുഭാവപൂർവം പരിഗണിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്. അതിന്റെ കണക്കുകൾ ഞാൻ വിശദമായി പറയുന്നില്ല. കേരളത്തിലെ പതിന്നാലു ജില്ലകളും 1997-വർഷത്തിൽ 686-700 കോടിയോളം രൂപ കാർഷികാവശ്യത്തിനുവേണ്ടി ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും വായ്പ എടുത്തിട്ടുണ്ട്. ആ ഇനത്തിൽ മാത്രമായി കർഷകർ വലിയൊരു സംഖ്യ തിരിച്ചടയ്ക്കാനുണ്ട്. സഹകരണസ്ഥാപനങ്ങളിൽനിന്നുള്ള വായ്പയും തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിലാണ്. മൊത്തം 27 ശതമാനത്തോളം കുടിശ്ശികയുണ്ട് എന്നാണ് പറയുന്നത്. സഹകരണ ബാങ്കുകളിൽനിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും കാർഷികാവശ്യത്തിന് എടുത്തിട്ടുള്ള സംഖ്യ തിരിച്ചടയ്ക്കാൻ കർഷകർ ഏറെ പ്രയാസപ്പെടുന്നു. തിരിച്ചടച്ചത് തന്നെ വളരെ കഷ്ടപ്പെട്ടാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു)

അതുകൊണ്ട് എന്തെല്ലാം ബാദ്ധ്യതകളുണ്ടായിരുന്നാലും കൃഷിക്കാരന്റെ ഈ ആവശ്യത്തിന് അടിയന്തിരമായി പരിഹാരമുണ്ടാകണം. വായ്പയും വായ്പയിലെ പലിശയും പിഴപ്പലിശയും ഗവൺമെന്റ് ഏറ്റെടുക്കേണ്ടതുണ്ട്. ഈ സംഖ്യ ഈടാക്കുന്നതിനുവേണ്ടി വ്യാപകമായ ജപ്തി നടപടികൾ സ്വീകരിക്കുകയാണ്. പതിനായിരം, അയ്യായിരം, ഇരുപത്തയ്യായിരം,

LIBRARY ARCHIVES Kerala Legislative Assembly

അൻപതിനായിരം രൂപ വീതം കാർഷികാവശ്യത്തിനായി വായ്പയെടുത്ത കർഷകർ ജപ്തി നടപടിക്ക് വിധേയരായിക്കൊണ്ടിരിക്കുകയാണ്. സംഖ്യ അടയ്ക്കാൻ കഴിയുന്നില്ല. എങ്ങനെ കൃഷിക്കാർ വായ്പ അടയ്ക്കും. വായ്പ എടുത്തു നടത്തിയ കൃഷി ഒക്കെ രോഗം കൊണ്ടും കാലവർഷക്കെടുതികൊണ്ടും നശിച്ചുകൊണ്ടിരിക്കുകയാണ്. ജപ്തി നടപടികൾക്ക് ഗഡുക്കളില്ല എന്നു ധനകാര്യസെക്രട്ടറിയുടെ പ്രസ്താവന ഈയിടെ കാണുകയുണ്ടായി. പതിനായിരത്തിനു മുകളിലുള്ള കടത്തിന് ജപ്തി നടപടികൾക്കു സ്റ്റേയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അതും കൃഷിക്കാരെ ബുദ്ധിമുട്ടിക്കുകയാണ്. വളരെ പ്രയാസപ്പെട്ടാണ് ധനകാര്യ വകുപ്പുമന്ത്രി കാര്യങ്ങൾ മാനേജ് ചെയ്യുന്നതെന്ന് ഞങ്ങൾക്കറിയാം. അതുപോലെ നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാരുടെ പ്രയാസങ്ങൾ വളരെ നന്നായി അറിയാവുന്ന ആളാണ് ബഹുമാനപ്പെട്ട മന്ത്രി. അതുപോലെ നല്ലൊരു കൃഷിക്കാരനുമാണ്. അതൊക്കെ പരിഗണിച്ചു കൊണ്ട് കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ട് വരുന്ന ബഡ്ജറ്റിന്റെ സമയത്ത് കാർഷിക കടങ്ങളിൽപ്പെട്ടു വിഷമിക്കുന്ന കൃഷിക്കാരെ സഹായിക്കുന്നതിന് മുൻകൈയെടുക്കണം. സർവീസ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ 1100 കോടി രൂപ കണ്ടെത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മറ്റു പല പ്രശ്നങ്ങളും ക്രൈസിസും ഒക്കെ പരിഹരിക്കുന്നതിന് പ്രത്യേക വൈഭവത്തോടു കൂടി മുന്നോട്ടു കാര്യങ്ങൾ കൊണ്ടുപോകുന്നുണ്ട്. കർഷകരുടെ പ്രശ്നങ്ങളും ഈ രൂപത്തിൽ നോക്കിക്കണ്ട് കർഷകരുടെ വായ്പയിലെ പലിശയും പിഴ പലിശയും എഴുതി തള്ളുന്നതിന് ആവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തണമെന്നും അടച്ചസംഖ്യ മുതലിൽ വരവ് വയ്ക്കണമെന്നും പറഞ്ഞുകൊണ്ട് ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ കൃഷിക്കാരുടെ ഋണബാദ്ധ്യതയെ സംബന്ധിച്ച് ഒരു ഗൗരവമായ പ്രശ്നമാണ് ഉന്നയിച്ചിട്ടുള്ളത്. ഇന്ന് നമ്മുടെ കാർഷിക മേഖലയിലാകെ നെൽക്കൃഷിക്കാരനായാലും ശരി കാഷ് ക്രോപ്സ് ആയാലും ശരി കൃഷി എന്ന തൊഴിൽ, വരുമാനം ഉണ്ടാക്കുന്നതല്ല. ഒരു ബാദ്ധ്യതയായി തീരുന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. അടയ്ക്കയ്ക്കും കാപ്പിക്കും അല്പം വിലയുണ്ടായിരുന്നു. ഇപ്പോൾ കാപ്പിക്കൃഷിക്കാർക്ക് കണ്ണീരൊഴുകുകയാണ്. അടയ്ക്കാ കൃഷിക്കാർ അല്പം ആശ്വാസം പൂണ്ടു. വീണ്ടും തകരാറിലായിരിക്കുകയാണ്. ബാക്കിയുള്ള റബറിന്റെയും നാളികേരത്തിന്റെയുമൊന്നും ഞാൻ പറയുന്നില്ല. കൃഷിക്കാരന്റെ ചെലവിനങ്ങളിൽ ഒരു കുറവുമില്ല. റെമ്യൂണറേറ്റീവ് പ്രൈസാണ്. എന്നിരുന്നാലും പറയുന്നത് ഉല്പാദന ചെലവിന് ഒത്ത വില, ഉല്പാദനച്ചെലവ് അനിയന്ത്രിത മായി കൂടിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള റെമ്യൂണറേറ്റീവ് പ്രൈസ് കൃഷിക്കാരന് കിട്ടുന്നില്ല. സാധാരണ ജീവനക്കാർ, ഫാക്ടറി തൊഴിലാളികൾ ഇവർക്കൊക്കെ വിലക്കയറ്റത്തിൽ ആശ്വാസം കിട്ടാൻ അവരുടെ വേതനത്തിൽ ക്ഷാമബത്ത വർദ്ധനവുണ്ട്, കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സിന് അനുസരിച്ച് വരവ് വർദ്ധിക്കുന്നുണ്ട്. കൃഷിക്കാരന് എന്താണുള്ളത്. കൃഷിക്കാരന് വിലക്കയറ്റം വന്നാൽ, അദ്ദേഹത്തിന്റെ ഉല്പന്നങ്ങൾക്ക് അതിനനുസരിച്ച് വിലയും കിട്ടാതിരുന്നാൽ അദ്ദേഹത്തിന്റെ വരുമാനം കുറയുന്നു. ചെലവു വർദ്ധിക്കുന്നു. അവൻ കടഭാരത്താൽ വലയുന്നു. ഇന്ന് ഞാൻ നേരിട്ടുള്ള അനുഭവം കൊണ്ട് പറയുകയാണ്. നമുക്കെല്ലാവർക്കും അനുഭവമുള്ളവരാണ്. ഈ നാട്ടിൽ ഏറ്റവും അധികം വിഷമിക്കുന്ന ജനവിഭാഗം കർഷകരാണ്. ഒരു കൃഷിക്കാരനേയും ഞാൻ അതിൽനിന്നും ഒഴിവാക്കിയിട്ടില്ല. ആ കൃഷിക്കാരന്റെ പ്രശ്നം, അത് ഏറ്റവും വിഷമിപ്പിക്കുന്നു എന്നു ഞാൻ പറയുമ്പോൾ, എന്തെങ്കിലും ഒരു കാര്യത്തിന് സംഭവാനയ്ക്ക് ആളു ചെല്ലുക. കൃഷിക്കാരൻ ഭൂടമയാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടാണ് ചെല്ലുക-അവന്റെ കയ്യിലാണ് പൈസ എന്നാണ് വിചാരം. നേരെമറിച്ച് മറ്റുള്ള ചില സേവന തുറകളിലുള്ള ആളുകൾ, പിരിക്കാൻ ഇങ്ങനെ നടക്കുന്നവനേക്കാൾ അപകടം പിടിച്ചസ്ഥിതിയിലാണ് ഇവർ. ആണ്ടിത്തെരുവിലാണ് ഭിക്ഷയ്ക്കു പോകുന്നത്! ഇന്ന് ആണ്ടിത്തെരുവിൽ ഭിക്ഷക്കു പോകും. ഭിക്ഷക്കാരുടെ തെരുവിൽ ഭിക്ഷക്കു പോകാറുണ്ടോ ആരെങ്കിലും. ആ പ്രശ്നം ഇവിടെ സത്യൻമൊകേരി വിശദീകരിച്ചു. അതിൽ ആശ്വാസ നടപടികൾ എടുക്കാൻ ഗവൺമെന്റിനു അതിന്റെ കഴിവിനനുസരിച്ച് ബാദ്ധ്യതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയംമൂലം ബി.ജെ.പി. ഗവൺമെന്റിന്റെ ഇക്കൊല്ലത്തെ ബഡ്ജറ്റ് അനലൈസ് ഞാൻ പറഞ്ഞിരിക്കുന്നു-കാർഷിക മേഖലയാകെ കൊള്ളയടിക്ക പെട്ടിരിക്കുകയാണ്. ഇവരുടെ ഫിസിക്കൽ പോളിസി കൊണ്ടുണ്ടാകുന്ന സർവ്വപാപഭാരവും ഈ കൊച്ചു സംസ്ഥാനത്തെ ഈ കൊച്ചുസർക്കാർ-കഴിഞ്ഞ മാസവും ഈ മാസവും കേന്ദ്രത്തിൽനിന്നും '0' ഡെവല്യൂഷനാണ്. നോ ഫണ്ട്സ്. ഈ സ്ഥിതിയിലായാലും, ഈ ഭയാനകമായ കൂലംകുത്തിയൊഴുകുന്ന നാശത്തിന്റെ ആ കൂലംകുത്തിയൊഴുക്ക് മണൽകൊണ്ട് ചിറ കെട്ടി നിറുത്താൻ വിഷമമുണ്ട്. എന്നിരുന്നാലും, അണ്ണാറക്കണ്ണനും തന്നാലായത് ; പൊന്നു വയ്ക്കേണ്ടിടത്ത് പുഷ്പം വച്ച് ഏതെങ്കിലും രീതിയിൽ കൃഷിക്കാരന്റെ കണ്ണിൽനിന്നു ധാരധാരയായിറ്റുവീഴുന്ന കണ്ണുനീര് ഒരു തുള്ളിയെങ്കിലും ഒപ്പിയെടുക്കാൻ സാധിച്ചാൽ അത്രയും ആശ്വാസമെന്നാണ്.

ഈ രാജ്യത്തിലെ കൃഷിക്കാരന്റെ സ്ഥിതി അതാണ്. ബഹുമാനപ്പെട്ട സത്യൻമൊകേരി ഇവിടെ ഉന്നയിച്ചിട്ടുള്ളത് കടങ്ങളുടെ പലിശയും പിഴ പലിശയും.....കടമല്ല, പലിശയും പിഴപ്പലിശയും എഴുതിത്തള്ളുന്നതിനെക്കുറിച്ചാണ്. അത് അദ്ദേഹം സ്പെസിഫിക്കായി പറഞ്ഞു. അത് ഒരു കടന്ന ആവശ്യമായിപ്പോയിയെന്ന് പറയാൻ കഴിയുകയില്ല. കെ.എ. ചന്ദ്രന് കടവും കൂടി എഴുതിത്തള്ളിയാൽ കൊള്ളാമെന്നുണ്ട്. കാരണം, അദ്ദേഹം ഒരു വലിയ കൃഷിക്കാരനാണ്. ഒരു വലിയ കൃഷിക്കാരനാണെന്നുപറഞ്ഞാൽ വലിയ നാശത്തിലാണെന്നാണ് അർത്ഥം. അത്രയ്ക്ക് നാശമാണെന്നാണ് അർത്ഥം. ബഹുമാനപ്പെട്ട ചന്ദ്രൻ അതുകൊണ്ട് thrive ചെയ്യുന്ന ആളല്ലെന്നല്ല ഞാൻ പറഞ്ഞത്. മെഴുകുതിരിപോലെ കൃഷി ചെയ്ത് മുടിയുന്നവനാണ് കൃഷിക്കാരൻ. മറ്റുള്ളവർക്കൊക്കെ പ്രകാശം പകരും, പക്ഷേ, മെഴുകുതിരിയില്ലാതാകും. അതുപോലെയാണ് കൃഷിക്കാരൻ. ഈ നാട്ടിലേയ്ക്ക് മുഴുവൻ പ്രകാശം പകർന്നുകഴിയുമ്പോഴേയ്ക്ക് മെഴുകുതിരിയില്ലാതാകും. അതുപോലെ കൃഷിക്കാരൻ ഇല്ലാതാകുകയാണ്. ഇവിടത്തെ സമ്പത്ത് ഉൽപ്പാദനപ്രക്രിയയിൽ ഇവിടത്തെ എസ്.ഡി.പി.യിൽ major contributory, പിടയുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട സത്യൻ മൊകേരി വളരെ പിൻപോയിന്റായിട്ട് പറഞ്ഞത് ഇന്ററസ്റ്റ് ആന്റ് പീനൽ ഇന്ററസ്റ്റാണ്. ഇപ്പോൾതന്നെ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫിന് ഓരോ വർഷവും 5 കോടി രൂപ നീക്കി വയ്ക്കാറുണ്ട്. അതിന്റെ പേര് Production Cost Relief Fund എന്നാണ്. ബഹുമാനപ്പെട്ട സത്യൻ മൊകേരി ഉന്നയിച്ച ഈ ആവശ്യത്തിന്മേൽ ഞാൻ വിശദീകരിച്ച ആ കാരണങ്ങളാൽ ഈ ഗവൺമെന്റിന്റെ സജീവ ശ്രദ്ധ പതിയും. ഈ സാമ്പത്തിക പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ പെട്ട് ഉഴലുമ്പോൾ കൃഷിക്കാരെ സംരക്ഷിക്കാൻ എന്തുചെയ്യാൻ കഴിയുമെന്ന് ഞങ്ങൾ അതിന്റെ എല്ലാ വശങ്ങളും ആലോചിക്കുന്നുണ്ട്. കൃഷിവകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ആലോചിക്കും. എവിടെയെങ്കിലും എന്തെങ്കിലും ചെയ്യണമെങ്കിൽ എവിടെയെങ്കിലും എന്തെങ്കിലും കട്ടുചെയ്യേണ്ടിവരും. പ്രയോറിറ്റിക്കുവേണ്ടി ഒന്ന് ചെയ്യണമെങ്കിൽ വേറെ.....നമുക്ക് ടോട്ടൽ എമൗണ്ട് വർദ്ധിപ്പിക്കുവാൻ വിഭവ സമാഹരണം കിട്ടുന്നില്ലെങ്കിൽ പിന്നെ പ്രയോറിറ്റി നോക്കി അത്രയ്ക്ക് പ്രയോറിറ്റിയില്ലാത്തത്

LIBRARY ARCHIVES Kerala Legislative Assembly

കട്ടുചെയ്യുകയേ വഴിയുള്ളൂ. അല്ലാതെ വേറെ മാർഗമില്ല. ഒന്നുമില്ലെങ്കിൽ കൂടുതൽ.... ഇല്ലെങ്കിൽ ഉള്ളതിൽ പ്രയോറിറ്റി നിശ്ചയിക്കുക. അതിൽ ഏതാണ് കട്ടുചെയ്യേണ്ടതെന്നുള്ളത് ഞങ്ങൾ ആലോചിക്കട്ടെ. ഈ കാര്യത്തിൽ നിഷേധാത്മകമായ സമീപനം സർക്കാർ സ്വീകരിക്കുകയില്ല, ക്രിയാത്മകമായ സമീപനമാണുള്ളത്. ആ നിലയ്ക്ക് ഞാൻ ഒരു അഷ്വറൻസ് തരാൻ മാത്രമുള്ള ഒരു പൊസിഷനിലല്ല. ഈ സ്റ്റേജിൽ അത് പ്രിമച്വറാണ്. അപക്വമാണ്. അപ്പോൾ അപക്വമായ സ്ഥലത്ത് ഞാൻ ഒരു ഖണ്ഡിതമായ അഭിപ്രായം പറയുകയില്ല. ഏതായാലും ബഹുമാനപ്പെട്ട സത്യൻ മൊകേരിയുടെ points are very well taken. അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് ഞാനും കൃഷി വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയുമെന്ന് കോൺക്രീറ്റായിട്ട് മനസ്സിലാക്കി, ഒരു നിഷേധാത്മകമായ സമീപനമല്ല, ഒരു ക്രിയാത്മകമായ സമീപനമാണ് കൃഷിക്കാരോട് എടുക്കുന്നത്. പണമുണ്ടായിട്ടല്ല റബ്ബറിന്റെ പർച്ചേസ് ടാക്സ് എടുത്തുകളഞ്ഞത്. പൈസ ധാരാളമുണ്ടായിട്ടല്ല. എക്സ്പോർട്ട് ചെയ്തതിന്റെ എത്ര കോടിയാണെന്ന് മനസ്സിലാക്കണം. കൈയിൽ നിന്നാണ് കൊടുക്കേണ്ടിവന്നത്. എക്സ്പോർട്ട് ചെയ്തതിന്റെ കൊടുത്തു. പിന്നെ ഒരു വർഷത്തേയ്ക്ക് വീണ്ടും നീട്ടി. റബ്ബർ കൃഷിക്കാരെ രക്ഷിക്കാനാണ്. അതുകൊണ്ടാണ്, 21-ഉം 22-ഉം രൂപയുണ്ടായിരുന്ന റബ്ബറിന്റെ വില ലേശമൊന്ന് മെർക്കുറി കയറിയിട്ടില്ലേ ? 31 രൂപ വരെ എത്തിയില്ലേ? അത് ഞങ്ങളാണ് ചെയ്തതെന്ന് പറയാനുള്ള വിവരക്കേട് ഞങ്ങൾക്കില്ല. പക്ഷേ, ഞങ്ങൾക്ക് അതിൽ ഒരു ചെറിയ ഷെയറുണ്ടെന്നുള്ളത് നിങ്ങൾ കാണണം. അതുപോലെ ഈ കാര്യത്തിലും പൊസിറ്റീവായ നിലപാട് ഗവൺമെന്റ് സ്വീകരിക്കും. അതുസംബന്ധിച്ച് ആലോചിച്ച് കൃഷിക്കാരെ എത്രത്തോളം സഹായിക്കാൻ കഴിയുമെന്നുള്ളത് with what little you are having in the kit-ഞങ്ങളുടെ സഞ്ചിയിൽ എത്രയുണ്ടെന്ന് നോക്കിയിട്ട്വേണം ഇതിന്റെ പ്രയോറിറ്റി നിശ്ചയിക്കേണ്ടത്. നിശ്ചയമായും ആ അവസരത്തിൽ ഈ കാര്യത്തിന് അത് അർഹിക്കുന്ന പരിഗണന ഗവൺമെന്റ് നൽകുന്നതായിരിക്കും.

ശ്രീ. സത്യൻ മൊകേരി : സർ, അങ്ങ് കൃഷിക്കാരുടെ പ്രശ്നത്തിൽ അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ചതിൽ അതിയായ സന്തോഷമുണ്ട്. അഖിലേൻഡ്യാ കിസാൻ സഭയുടേയും മറ്റ് കർഷക സംഘടനകളുടെയും നന്ദിയും അനുഭാവവും അങ്ങയോടുണ്ടാകും. ഇതിൽ അങ്ങ് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. മൊത്തം കൃഷിക്കാരുടെ കടത്തെക്കുറിച്ച് പിഴ പലിശ എത്ര, എത്ര കടം വാങ്ങിച്ചിട്ടുണ്ട് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന് ഒരു ഇൻഫർമേഷൻ ലഭിക്കാൻ, ആരെയെങ്കിലും ചുമതലപ്പെടുത്തി ഒരു കമ്മീഷനെയോ മറ്റോ ചുമതലപ്പെടുത്തി, അങ്ങേയ്ക്കാവശ്യമായ വിവരം കിട്ടത്തക്കരീതിയിലുള്ള ഒരു സംവിധാനമുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇത് തികച്ചും ഭരണപരമായ പ്രശ്നമാണ്. ഇതിൽ കമ്മീഷന്റെയൊന്നും കാര്യമില്ല. അതിനും കമ്മീഷൻ, അതിനും ശമ്പളം, ആ കാശ് കൃഷിക്കാർക്ക് കൊടുത്താൽ ഗുണമുണ്ട്. ഇപ്പോൾതന്നെ സംവിധാനമുണ്ട്. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റുണ്ട്. ആ ഡിപ്പാർട്ടുമെന്റ് മുഖാന്തരം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സ്റ്റാറ്റിസ്റ്റിക്സ് എടുക്കും. അദ്ദേഹത്തിന്റെ കൈയിൽ ഇപ്പോൾതന്നെ സ്റ്റാറ്റിസ്റ്റിക്സുണ്ടാകും. അല്ലെങ്കിൽ അദ്ദേഹത്തിന് ഒരു നിമിഷംകൊണ്ട് വരുത്താൻ കഴിയുന്നതേയുള്ളൂ. എന്ത് നാശംവന്നാലും അസസ് ചെയ്ത് കളക്ടറുടെ കൈയിൽനിന്ന് റിപ്പോർട്ട് കിട്ടാറുണ്ട്. അതുപോലെ നമുക്ക് കടം എത്രയുണ്ട്: data is the foundation of administration- സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

വിവരക്കണക്കില്ലാതെ ഭരിക്കാൻ കഴിയുകയില്ല. ഡാറ്റാ കളക്ഷനാണ് ഭരണത്തിന്റെ ഫൗണ്ടേഷൻ. അതുകൊണ്ട് ആ കണക്ക് എത്രയാണെന്ന് എടുത്ത് അത് പരിശോധിക്കാറുണ്ട്. ആ സംവിധാനം കുറെക്കൂടി ഊർജ്ജിതപ്പെടുത്തി പെട്ടെന്ന് അതിന്റെ കണക്ക് കിട്ടത്തക്ക രീതിയിൽ.....കൃഷി വകുപ്പു മന്ത്രി സമയബന്ധിതമായിട്ടേ എല്ലാം ചെയ്യുകയുള്ളൂ.

(2) വിശാലകൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. ബാബു : സർ, വിശാലകൊച്ചി പ്രദേശത്തെ അതിരൂക്ഷമായ കുടിവെള്ള പ്രശ്നത്തിലേയ്ക്ക് ഗവൺമെന്റിന്റേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കാനാണുദ്ദേശിക്കുന്നത്. 'വെള്ളം വെള്ളം സർവ്വത്ര; തുള്ളി കുടിപ്പാനില്ലത്രേ' എന്നുള്ള കവിതതന്നെ കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമവും മുൻകൂട്ടി കണ്ടുകൊണ്ട് എഴുതിയതാണെന്ന് തോന്നും ഇന്നത്തെ അവസ്ഥ കണ്ടാൽ. കാലവർഷക്കാലത്തുപോലും വിശാല കൊച്ചി പ്രദേശത്ത് കുടിവെള്ളം ഒരു അപൂർവ്വ വസ്തുവായിത്തീർന്നിരിക്കുകയാണ്. വിശാല കൊച്ചി ശുദ്ധ ജല വിതരണമേഖലയിൽ കൊച്ചി നഗരം, ആലുവ, പറവൂർ, കളമശ്ശേരി, തൃപ്പൂണിത്തുറ എന്നീ മുനിസിപ്പാലിറ്റികളും 26 പഞ്ചായത്തുകളും ഉൾപ്പെടുന്നു. 1914-ൽ ചൊവ്വരയിൽ ആരംഭിച്ച പദ്ധതി മുതൽ 1993-ൽ കമ്മീഷൻ ചെയ്ത വേൾഡ് ബാങ്ക് പദ്ധതിയുൾപ്പെടെ 190 എം.എൽ.ഡി. വെള്ളം ഉൽപ്പാദിപ്പിക്കുന്നതായാണ് വാട്ടർ അതോറിറ്റിയുടെ കണക്ക്. വാട്ടർ അതോറിറ്റിയുടെ കണക്ക് അതാണെങ്കിലും യഥാർത്ഥത്തിൽ 150 എം.എൽ.ഡി. വെള്ളം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. വിശാലകൊച്ചി പ്രദേശത്ത് 415 എം.എൽ.ഡി വെള്ളം ആവശ്യമാണ്. ഈ ഉൽപ്പാദിപ്പിക്കുന്ന വെള്ളം തന്നെ വിതരണം ചെയ്യാനുള്ള കാരിയിംഗ് കപ്പാസിറ്റി ഇല്ലെന്നുള്ളതാണ് വസ്തുത. 1984 മുതൽ വാട്ടർ അതോറിട്ടി വിതരണത്തിനു വേണ്ടി ആവിഷ്കരിച്ച പല പദ്ധതികളും പൂർത്തിയാകാതെ കിടക്കുകയാണ്. അഴുക്കു ചാലുകളിലൂടെ കുടിവെള്ളത്തിനുള്ള പൈപ്പുകൾ ഇടുന്നതുമൂലം, തുരുമ്പെടുത്ത് പൊടിയുന്നതുമൂലം പൈപ്പിലൂടെ മലിനജലം കയറുന്നതിന്റെ ഫലമായി കൊച്ചി നഗരത്തിൽ പ്രത്യേകിച്ച് പശ്ചിമകൊച്ചി പ്രദേശത്ത് ടൈഫോയിഡ് നിരന്തരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. കോളറയും അതുപോലെ ജലജന്യമായ രോഗങ്ങളും പശ്ചിമകൊച്ചിയിലും വിശാല കൊച്ചിയിലും ഭീതിജനകമായ അന്തരീക്ഷം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ കടമെടുത്ത് ചെലവഴിച്ച് നിർമ്മിച്ച തൃപ്പൂണിത്തുറയിലെ വാട്ടർ ടാങ്ക് ഉൾപ്പെടെ ടാങ്കുകളിലൊന്നും വെള്ളം കയറ്റാൻ പറ്റാത്ത വിധത്തിൽ ഉപയോഗശൂന്യമായി കിടക്കുകയാണ്. 7 മീറ്റർ ഉയരത്തിൽവരെ വെള്ളം എത്തിക്കാൻ പ്രഷറിൽ പമ്പ് ചെയ്യണമെന്നാണ് വ്യവസ്ഥ. എങ്കിലും പൈപ്പ് ടാപ്പിന്റെ പൊക്കത്തിൽപോലും പമ്പ് ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് ജനങ്ങൾ ഹോസിട്ട് ഹാന്റ് പൈപ്പ് വച്ച് ചാമ്പ് ചെയ്താണ് വെള്ളമെടുക്കുന്നത്. വിശാല കൊച്ചി പ്രദേശത്ത് മിക്കവാറും താഴ്ന്നസ്ഥലങ്ങളിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിലെ വിതരണ ക്രമമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ ഒന്നിടവിട്ടുള്ള ദിവസങ്ങളിലുള്ള വിതരണക്രമം അനുസരിച്ചുള്ള വെള്ളംപോലും വിതരണം ചെയ്യാൻ കഴിയുന്നില്ല. വളരെ ദിവസം കാത്തിരുന്നാലാണ് ഒരു ബക്കറ്റ് വെള്ളം കിട്ടുന്നത്. അവിടത്തെ സ്ഥിതി വളരെ ദയനീയമാണ്. കൊച്ചിയിൽ ഇന്ന് കുടിവെള്ളക്കച്ചവടം വ്യാപകമായിക്കഴിഞ്ഞിരിക്കുകയാണ്. ഈ കുടിവെള്ളക്കച്ചവടം ഏറ്റവും വ്യാപകമാകുമെന്നു പറയാനുള്ള കാരണം വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ടുവെന്നുള്ളതാണ്. ഇതിന് പരിഹാരമായിട്ട് വാട്ടർ അതോറിറ്റി ഇപ്പോൾ മുന്നോട്ടുവച്ചിരിക്കുന്നത്, അല്ലെങ്കിൽ അങ്ങ് തന്നെ നിർദ്ദേശിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly